റാഡിഷ് (വെള്ള, ചുവപ്പ്), കാരറ്റ്, വെള്ളരി, വെണ്ടയ്ക്ക, സാമ്പാർ മുളക്, നെല്ലിക്ക, വഴുതന, പാവയ്ക്ക, കോവയ്ക്ക, മുരിങ്ങയ്ക്ക, ചുവന്നുള്ളി എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് അമിതമായ അളവിൽ കീടനാശിനികൾ തളിച്ച് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴം, പച്ചക്കറികൾ എന്നിവയുടെ ഉറവിടം കണ്ടെത്തുക, അവയുടെ കേരളത്തിലേക്കുള്ള വരവ് തടയുക, അവയിലുള്ള കീടനാശിനികളുടെ അളവ് കണ്ടുപിടിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, കീടനാശിനികളുടെ അമിത ഉപയോഗത്തിന്റെ ദോഷവശങ്ങളെപ്പറ്റി കർഷകരെയും ഉപഭോക്താക്കളെയും ബോധവാന്മാരാക്കുക, പഴം, പച്ചക്കറികൾ എന്നിവയിൽനിന്ന് കീടനാശിനികളുടെ അംശം പരമാവധി നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുക.

(സി) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി പരിശോധനാ ലാബിൽ കൃഷി വകുപ്പിന്റെ ശിപാർശയോടുകൂടി വരുന്ന കർഷകരുടെ സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500 രൂപ മുതൽ 8000 രൂപ വരെ പരിശോധനാഫീസ് ഈടാക്കുന്നു. ഫീസ് കുറയ്ക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും വർദ്ധിച്ച ഉപയോഗത്തിനെതിരെ നടപടി

287 (1728) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷികരംഗത്ത് രാസവളങ്ങളുടെയും, രാസകീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) ജൈവ വളങ്ങളും, ജൈവ കീടനാശിനികളും സർക്കാർ ചുമതലയിൽ ഉത്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്വകാര്യസ്ഥാപനങ്ങൾ ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ പ്രചരിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ജൈവകീടനാശിനികൾ വിപണിയിൽ ലഭ്യമല്ലാത്ത വസ്തുതയെ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ ഇവയുടെ അമിത ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജൈവകൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്നതിന് എല്ലാ കൃഷിഭവൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി സംയോജിത കീടനിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(സി) 2013 നവംബർ മാസം മുതൽ ജൈവവളങ്ങൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO-1985)-ൽ ഉൾപ്പെടുത്തി ഇവയുടെ ഉല്പാദനത്തിനും വിപണനത്തിനും ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ പ്രചരിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

(ഡി) ജൈവകീടനാശിനികൾ നിലവിൽ വിപണിയിൽ ലഭ്യമാണ്. ജൈവകീടരോഗ നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർതലത്തിൽ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തി, തൃശ്ശൂർ മുഖേന ജൈവകീട നിയന്ത്രണ ഉപാധികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നുണ്ട്. കൂടുതൽ ജൈവകീടനാശിനികൾ പ്രയോഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം

288 (1729) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;